# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 234 | 01.12.2014-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര

**ചോദ്യം**

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

(എ) ഓപ്പറേഷൻ കുബേര പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഇതിൽ ഇന്ത്യൻ ശിക്ഷാ നിയമം അനുശാസിക്കും പ്രകാരം വഞ്ചന, വ്യാജരേഖ ചമയ്ക്കൽ, അതുപയോഗിച്ച് ഭീഷണി, വധ ഭീഷണി തുടങ്ങിയ വകുപ്പുകൾ ചേർത്ത് എത്ര പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മണി ലെൻഡിംഗ് ആക്ടിലെ 17,18 വകുപ്പുകൾ മാത്രം ചേർത്ത് എത്ര പേർക്കെതിരെ കേസ്സ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) ഓപ്പറേഷൻ കുബേര പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം 11.05.2014 മുതൽ 16.09.2014 വരെയും രണ്ടാം ഘട്ടം 17.09.2014 മുതൽ ഇപ്പോഴും തുടരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2854 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 2027 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതിൽ ഇന്ത്യൻ ശിക്ഷാ നിയമം അനുശാസിക്കും പ്രകാരം വഞ്ചന, വ്യാജ രേഖ ചമയ്ക്കൽ, അതുപയോഗിച്ച് ഭീഷണി, വധഭീഷണി തുടങ്ങിയ വകുപ്പുകൾ ചേർത്ത് 1346 പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ഡി) മണി ലെൻഡിംഗ് ആക്ടിലെ 17,18 വകുപ്പുകൾ മാത്രം ചേർത്ത് 571 പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ